# ചോദ്യോത്തരം നം. 44, 45

**പ്രഫ. അനിൽകുമാർ പോഡ്കാസ്റ്റ്**

**(മലയാളം ഉൾപ്പടെ 7 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് ഭാഷകളിലും ശനിയാഴ്ചതോറും)**

ഓം ശ്രീ സായിരാം

ചോദ്യോത്തരവേളയിലേക്ക് സ്വാഗതം. ചോദ്യങ്ങൾ അയയ്ക്കുന്നതിന് ഞങ്ങൾ നിങ്ങളോട് വളരെ കടപ്പെട്ടിരിക്കുന്നു, നിങ്ങൾക്ക് നന്ദി. നിങ്ങൾക്കറിയാവുന്നപോലെ, ഓരോ ശനിയാഴ്ചയുമാണ് ഞങ്ങൾ ഈ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത്.



നിങ്ങളുടെ അറിവിനായി പറയട്ടെ, ഈ ചോദ്യോത്തരങ്ങളെല്ലാംതന്നെ, ആരംഭത്തിലുള്ളവതൊട്ട്, ഞങ്ങളുടെ വെബ്സൈറ്റായ www.saiwisdom.com-ൽ അപ്‌ലോഡ് ചെയ്തുവരുന്നു. മുമ്പുള്ള എല്ലാ ചോദ്യങ്ങളുടെയും മറുപടി അവിടെയുണ്ട്.

ഏതാനും ചോദ്യങ്ങൾ ആവർത്തിക്കുന്നവയാണെന്ന് നിങ്ങളെ അറിയിക്കാൻവേണ്ടി മാത്രമാണിത്. അവയ്ക്ക് മറുപടി നൽകിയതാണെങ്കിൽപ്പോലും അവ വീണ്ടും കൊടുക്കുന്നുണ്ട്. അതിനാൽ ദയവായി ഞങ്ങളുടെ വെബ്സൈറ്റ് [https://www.saiwisdom.com/questions-and-answers.html ] സന്ദർശിച്ചാലും, ഈ ചോദ്യങ്ങൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കിയാലും. നിങ്ങൾക്ക് വളരെ നന്ദി. ഇക്കാര്യത്തിൽ നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഞാൻ തേടുകയാണ്. വളരെ നല്ലവരാണ് നിങ്ങൾ.

## ചോദ്യം 44

ഈ ചോദ്യം ഏതാനും സാങ്കേതികപദങ്ങൾ സംബന്ധിച്ചുള്ളതാണ്.

**ഹിരണ്യഗർഭൻ**

**ഉപനിഷത് വാഹിനി കാരണദേഹത്തെപ്പറ്റി എന്താണ് പറയുന്നത്?**

ഹിരണ്യഗർഭനും മഹാകാരണദേഹവും തമ്മിൽ നേർത്ത പാടയാണുള്ളത്, പിന്നെ തുരീയത്തെപ്പറ്റിയും സൂചനയുണ്ട്. പ്രശ്നോത്തരവാഹിനി പറയുന്നു: ഹിരണ്യഗർഭമെന്നത് മഹാകാരണദേഹമാണ് (Supra-causal level).

ഈ പദങ്ങളാണ് ചോദ്യത്തിൽ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. വാസ്തവത്തിൽ, ഇതൊരു ആത്മാർത്ഥമായ ചോദ്യംതന്നെയാണ്. ഭഗവാൻ ബാബയുടെ ആദ്ധ്യാത്മികപ്രബോധനങ്ങളിൽ ചോദ്യകർത്താവി

നുള്ള അവഗാഹത്തെയും ഞാൻ നന്ദിപൂർവം അഭിനന്ദിക്കുന്നു. ഈ സാങ്കേതികപദങ്ങളെല്ലാം ഇപ്പോൾ വ്യക്തമാക്കാം.

ആദ്യമായി, ഞാൻ നിങ്ങളോട് പറയട്ടെ: സ്ഥൂലദേഹം(Gross body)- ശരീരം, ഇന്ദ്രിയങ്ങൾ(senses), ആന്തര ഇന്ദ്രിയങ്ങൾ(inner senses) ഈ ഇന്ദ്രിയങ്ങളെയെല്ലാമാണ് സ്ഥൂലദേഹം അഥവാ gross body എന്ന് വിളിക്കുന്നത്. പിന്നെ മനസ്സുണ്ട്, അത് ആന്തരമാണ്, ആന്തര ഇന്ദ്രിയങ്ങൾ(inner senses):



*2002 Shivarathri: Hiranyagarbha Linga created by Swami*

മനോ, ബുദ്ധി, ചിത്ത, അഹങ്കാരങ്ങൾ. മനോമനഃ-മനസ്സ്, ബുദ്ധി- intellect, അഹങ്കാരം- ego. ഇവയെല്ലാം ആന്തര ഇന്ദ്രിയങ്ങൾ(inner senses) ആണ്. ഇവ ചേർന്നതാണ് സൂക്ഷ്മശരീരം അഥവാ subtle body. ഇനി, മൂന്നാമത്തേത് കാ രണദേഹം(Casual body) അഥവാ ആത്മാവ് ആണ്. ഈ നിർവചനം നിങ്ങളെ തൃപ്തിപ്പെടുത്തുമെന്ന് ഞാൻ കരുതുന്നു.

പ്രാഥമികമായി സ്ഥൂലദേഹം(Gross body), പിന്നെ സൂക്ഷ്മശരീരം അഥവാ subtle body, പിന്നെ കാരണശരീരം അഥവാ Casual body. ഇനി, ഈ ഭൗതികശരീരം വീഴുമ്പോൾ, കാരണശരീരവും ഈ ദേഹം വിടുന്നു. അത് ഈ സ്ഥൂലദേഹത്തിന് പുറത്ത് കടക്കുന്നു. അടുത്ത ജന്മത്തിന് കാരണമാകുന്ന ഒരു വിത്ത് പോലെയാണ് ഈ കാരണശരീരം. എന്നാൽ, ഭൗതികശരീരം പോകുമ്പോൾ ശരീരം വിടുന്ന ഈ സൂക്ഷ്മശരീരം അഥവാ subtle body-ൽ എല്ലാ മനസ്സും(the mind) ജീവനു(the life)മുണ്ട്. ഈ മനസ്സ്, അതിനൊപ്പം, അതേവരെ ചെലവിട്ട ജീവിതത്തിന്റെ മുദ്രകൾ വഹിക്കുന്നുണ്ട്. പാതയിൽ പാദമുദ്രകൾ അവശേഷിക്കുന്നതുപോലെയെന്ന് നാം പറയുന്നതുപോലെ. മനസ്സിൽ പതിയുന്ന ഈ

മുദ്രകൾ അടുത്ത ജന്മത്തിലേക്ക് വഹിക്കപ്പെടുന്നു. വാസനകൾ അഥവാ സംസ്കാരങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു, അവ അടുത്ത ജന്മത്തിൽ വൃത്തികളായി പ്രകടിതമാവുന്നു.

ശരി, ഇതെല്ലാം സാങ്കേതികപദങ്ങളാണ്. സ്വാഭാവികമായും, ഇതെല്ലാം നമ്മുടെ പോഡ്കാസ്റ്റുകളിലും, രവിവാരപ്രഭാഷണങ്ങളിലും, അതായത് പ്രശാന്തിസന്ദേശഭാഷണങ്ങളിലും ഉൾപ്പെടുന്നതാവും, എന്നാൽ, നിങ്ങൾ ചോദ്യം ഉന്നയിച്ച സ്ഥിതിക്ക്, അത് ആവർത്തനമാണെങ്കിൽക്കൂടി, മറുപടി നൽകേണ്ടത് എന്റെ കടമയാണ്.




അതുകൊണ്ട്, കാരണദേഹം എന്നാൽ Casual body ആണ്, അപ്പോൾ എന്താണ് ഹിരണ്യഗർഭൻ? ഈ ഹിരണ്യഗർഭൻ എന്നത് വിശ്വാത്മാവ് (cosmic soul) അഥവാ മഹാകാരണദേഹം(Supra-causal body) ആകുന്നു. മഹാകാരണദേഹം എന്നാൽ Supra-causal body. മറ്റുരീതിയിൽ പറഞ്ഞാൽ, ഹിരണ്യഗർഭനും മഹാകാരണദേഹവും Supra-causal തലത്തെ സൂചിപ്പിക്കുന്നു. അതിന്റെ ഘടനയിൽ, രൂപഭാവത്തിൽ, ഔന്നത്യത്തിൽ, മഹാകാരണമെന്നത് പ്രാപഞ്ചിക(cosmic) രൂപത്തിലുള്ളതാണ്. ഏതാണ്ടിതുപോലെ: മനുഷ്യനും മാനവവംശവും. രണ്ടും തമ്മിലെന്താണെന്നാണ് നിങ്ങൾ കരുതുന്നത്? മനുഷ്യൻ എന്നത് വ്യക്തിപരമാണ്, മനുഷ്യവംശം എന്നാൽ സമഷ്ടിയായി. മനസ്സിലായോ? രാജ്യവും ലോകവും പോലെ, ലോകവും പ്രപഞ്ചവും പോലെ. ആയതിനാൽ, ഈ പദങ്ങൾ കൂടുതലായി സമഷ്ടിപരവും സംയോഗപരവും ആണ്; എന്നാൽ, മനുഷ്യൻ തനിയേ ഏകനാക്കപ്പെട്ടിരിക്കുന്ന ഒരു വ്യക്തി മാത്രമാണ്. ഇതാണ് കാരണദേഹം അഥവാ Casual body എന്ന് വിളിക്കപ്പെടുന്നത്. പക്ഷേ, വിശാലാർത്ഥത്തിൽ, സംയുക്തപരമായ തലത്തിൽ നമുക്കതിനെ മഹാകാരണദേഹം അഥവാ Supra-causal body എന്ന് വിളിക്കാം. ഇത് തുരീയാവസ്ഥയിൽ വ്യക്തിപരമായി അനുഭവസ്ഥമാവുകയും ചെയ്യും. ഈ പദവും ഈ മാന്യ ദേഹം ഉപയോഗിക്കുന്നുണ്ട്.




എന്താണ് തുരീയം? നമുക്ക് 3 ബോധാവസ്ഥകളാ(levels of consciousness)ണുള്ളത്. ഒന്ന് ഉണർന്നിരിക്കുന്ന അവസ്ഥ അഥവാ ജാഗ്രത്. രണ്ടാമത്തേത് സ്വപ്നാവസ്ഥ, മൂന്നാമത്തേത് അഗാധനിദ്ര-സുഷുപ്തി. ഈ മൂന്ന് ബോധാവസ്ഥകൾക്കുമപ്പുറത്താണ് പരമമായ തുരീയാവസ്ഥ നിലകൊള്ളുന്നത്.

ബാബ ഒരു ഉദാഹരണം തന്നിട്ടുണ്ട്. ഒരാൾതന്നെ ഒരു സിനിമയിൽ 3 വേഷമിടുന്നു. അയാൾ ദുര്യോധനന്റെ, കർണ്ണന്റെ, കൃഷ്ണന്റെ വേഷമിടാം-മുൻ ആന്ധ്രാ മുഖ്യമന്ത്രി എൻ.ടി.രാമറാവുവിനെപ്പോലെ. അദ്ദേഹം 'മഹാ രവി കർണ്ണ' എന്ന പ്രശസ്ത സിനിമയിൽ മൂന്ന് ഭാഗവും അഭിനയിച്ചിട്ടുണ്ട്. അദ്ദേഹം ദുര്യോധനൻ, കർണ്ണൻ, കൃഷ്ണൻ ഈ മൂന്നു വേഷങ്ങളും ചെയ്തു. എന്നാൽ അദ്ദേഹത്തിന് ഒരു മാറ്റവുമില്ല. ഒരേ നടനാണ് ദുര്യോധനന്റെ ഭാഗം നടിച്ചത്, ഒരേ നടനാണ് കർണ്ണന്റെ ഭാഗം നടിച്ചത്, , ഒരേ നടനാണ് കൃഷ്ണന്റെ ഭാഗം അഭിനയിച്ചത്. നടൻ ഒന്നുതന്നെ, വേഷങ്ങൾ വ്യത്യസ്തം.

ഇതേ രീതിയിൽ- തുരീയം, സാക്ഷിയാവുന്ന അവസ്ഥ, ആത്മീയാവസ്ഥ- ഉണർന്നിരിക്കുന്ന അവസ്ഥ




യിലത് ജാഗ്രത്ത് എന്നറിയപ്പെടുന്നു, അതേ ആത്മാവ് കിനാവിന്റെ അവസ്ഥയിലായിരിക്കുമ്പോൾ സ്വപ്നം എന്നറിയപ്പെടുന്നു, അതേ ആത്മാവ് ഗാഢനിദ്രയുടെ അവസ്ഥയിലായിരിക്കുമ്പോൾ സുഷുപ്തി എന്നറിയപ്പെടുന്നു, മറ്റു തരത്തിൽ പറഞ്ഞാൽ, ഈ മൂന്ന് ബോധാവസ്ഥകളിലും ആത്മാവ് അവശ്യം സന്നിഹിതമായിരിക്കുന്നു.

ലളിതമായി പറഞ്ഞാൽ, ആത്മാവ് + ശരീരം + മനസ്സ് ആണ് ജാഗ്രദവസ്ഥ. അടുത്തത്, ആത്മാവ് + മനസ്സ് ആണ് സ്വപ്നാവസ്ഥ. ആത്മാവ് ഒറ്റയ്ക്ക് സുഷുപ്തിയും. തുരീയം, നിത്യസാക്ഷിയായ, അതീന്ദ്രിയമായ അവസ്ഥ, പ്രപഞ്ചാവസ്ഥ, ബ്രഹ്മാണ്ഡാവസ്ഥയും. അതിനാൽ, സ്ഥൂലദേഹം(Gross body), പിന്നെ സൂക്ഷ്മശരീരം അഥവാ subtle body, പിന്നെ കാരണശരീരം അഥവാ Casual body, പിന്നെ മഹാകാരണദേഹം(Supra-causal body)വും. അതുകൊണ്ട്, നമുക്ക് ആശയക്കുഴപ്പം വേണ്ടാ. ഈ ഹിരണ്യഗർഭൻ അതിന്റെ ഔന്നത്യത്തിൽ പ്രാപഞ്ചിക(cosmic) രൂപത്തിലുള്ളതാണ്. എന്നാൽ, വ്യക്തിപരമായ തലത്തിൽ, അത് കാരണദേഹം അഥവാ causal body ആണ്.

ബാബ വളരെക്കാലം മുമ്പ് തന്ന മറ്റൊരുദാഹരണവും ഞാൻ നൽകാം. പുളി നിങ്ങൾക്കറിയാം. മൂപ്പെത്തിയ പുളിക്ക് മൂന്ന് ഭാഗങ്ങളുണ്ടാവും. ഒന്ന് പുറംതോട്, രണ്ട് അതിന്റെ ദശ, മൂന്ന് കുരു. പുറംതോട് സ്ഥൂലദേഹമാണ്, ദശ സൂക്ഷ്മശരീരവും കുരു കാരണശരീരവുമാണ്. ഈശ്വരനായിട്ടുള്ള ഭഗവാൻ ബാബയ്ക്കല്ലാതെ മറ്റാർക്ക് ഇതിലും ലളിതമായിട്ട് ഇത് വിശദീകരിക്കാനാവും?

പുറംതോട് കേവലം സ്ഥൂലശരീരമാണ്, ദശ മുഴുവനും സൂക്ഷ്മശരീരമാണ്. ആ വിത്താവട്ടെ, കാരണശരീരവും. ഇതിനർത്ഥം, സ്ഥൂലശരീരം നശിക്കുന്നു, സൂക്ഷ്മശരീരം ദേഹം വിടുന്നു, എന്നാലീ കാരണശരീരം വീണ്ടും ജനിക്കുന്നതിനായി അങ്ങനെതന്നെ തുടരുന്നു, ഇത് മനസ്സിലാക്കുക.

അതുകൊണ്ട്, ഇതാണ് ബാബ പറഞ്ഞത്. പിന്നെ, **മഹാകാരണതലം**(Supra-causal level)- വൈയക്തികതലത്തിൽ അത് **കാരണശരീരം** എന്നും സമഷ്ടിതലത്തിൽ, പ്രാപഞ്ചികതലത്തിൽ **മഹാകാരണശരീരം** എന്നും വിളിക്കപ്പെടുന്നു. ഇത് ഞാൻ വ്യക്തമാക്കിയെന്ന് ഞാൻ കരുതുന്നു. ഈ മാന്യദേഹം ഉന്നയിച്ച വസ്തുതകളെല്ലാം വിശദീകരിക്കാനായി എന്ന് ഞാൻ കരുതുന്നു. താങ്കൾ പരാമർശിക്കുന്നപോലെയുള്ള വിരുദ്ധാശയങ്ങളൊന്നുമില്ല ഉപനിഷത് വാഹിനിയിൽ. പ്രശ്നോത്തരവാഹിനിയെ സംബന്ധിച്ചും വിരുദ്ധാശയങ്ങളെന്ന പ്രശ്നമേയില്ല, അതിൽനിന്നും താങ്കൾ അതിശയകരമായി ഉദ്ധരിച്ചിരിക്കുന്നതുതന്നെ താങ്കൾക്ക് ഈ വിഷയത്തിലുള്ള പാണ്ഡിത്യം പ്രദർശിപ്പിക്കുന്നതാണ്. വളരെ നല്ലത്, ഭഗവാൻ ശ്രീ സത്യസായിബാബയുടെ ആദ്ധ്യാത്മികാശയങ്ങൾ ഗ്രഹിക്കുന്നതിൽ, നമ്മുടെ എല്ലാ ഭക്തരും താങ്കളുടെ ദൃഷ്ടാന്തം പിന്തുടരണമെന്ന് ഞാൻ അഭിനന്ദിക്കുകയാണ്. ഇത്തരം അവബോധം നമ്മൾക്ക് ജനിപ്പിക്കുകയെന്നതാണ് അവിടുത്തെ ഉദ്ദേശ്യം, അവിടുത്തെ ദൗത്യം. താങ്കൾക്ക് വളരെ നന്ദി.




## ചോദ്യം 45

അടുത്ത ചോദ്യം, '**എന്നിൽനിന്ന് എന്നിലേക്ക് എങ്ങനെ സഞ്ചരിക്കാം**'(how to travel from "I to I"?) എന്നതാണ്. 'എന്നിൽനിന്ന് എന്നിലേക്ക് എങ്ങനെ സഞ്ചരിക്കാം' എന്നതാണ് അടുത്ത ചോദ്യം. ശരി, ഈ ചോദ്യവും നേരത്തേ മറുപടി നൽകിയിട്ടുള്ളതാണ്, ആവർത്തിക്കുന്നതിന് എനിക്ക് പ്രശ്നമില്ല.

ഒരു ‘ഞാൻ’(‘I’) ബാഹ്യരൂപം, സ്വാർത്ഥരൂപം, തിരിച്ചറിയാനുള്ള പുറംരൂപം, തിരിച്ചറിയലിന്, അംഗീകാരത്തിന്, സാമൂഹിക ഉദ്ദേശ്യത്തിന്, അഥവാ കേവലം ഈഗോയ്ക്ക്, വൈയക്തിക സ്വത്വ(Individual Identity) ത്തിനുവേണ്ടിയാണ്. അതാണ് ‘ഞാൻ’(‘I’). വാസ്തവത്തിലുള്ള ‘ഞാൻ’(‘I’) എന്നത് ആത്മാവ്, ആന്തരികബോധം, മനസ്സാക്ഷി ആണ്. അകത്തെ ‘ഞാനും’(‘I’) പുറത്തെ ‘ഞാനും’(‘I’). പുറത്തെ‘ഞാൻ’ ലൗകികഉദ്ദേശ്യത്തിനാണ്, അകത്തെ ‘ഞാൻ’ഈശ്വരനുമായി ഒന്നാവാനാണ്, ദിവ്യത്വവുമായി ലയിക്കുന്നതിനായാണ്, ആ അദ്വൈതാനുഭവസിദ്ധിക്കുവേണ്ടിയാണ്. അതാണ് അകത്തെ‘ഞാൻ’.

പുറത്തെ ‘എന്നി’ൽനിന്ന് അകത്തെ ‘എന്നി’ലേക്ക് എങ്ങനെ സഞ്ചരിക്കാം എന്നതാണ് താങ്കളുടെ ചോദ്യം. ശരി, അത് വളരെ ലളിതമാണ്. ബാഹ്യമായ‘ഞാൻ’വിശകലനം ചെയ്യപ്പെടണം. ബാബ അരുളിയതുപോലെ, ‘ഞാൻ’ ആരാണ്? ‘ഞാൻ’ ബുദ്ധിയല്ല. ‘ഞാൻ’ ആരാണ്? ‘ഞാൻ’ പദവിയല്ല. ‘ഞാൻ’ ആരാണ്? വസിക്കുന്ന ദേശമല്ല ‘ഞാൻ’. ആരാണ് ‘ഞാൻ’? ‘ഞാൻ’ യുവാവോ മുതിർന്ന പൗരനോ അല്ല. ‘ഞാൻ’പ്രായത്തെ സൂചിപ്പിക്കുന്നതേയില്ല. എങ്കിൽ ആരാണ് ‘ഞാൻ’? ലിംഗം- സ്ത്രീയോ പുരുഷനോ? അല്ല, കാരണം സ്ത്രീക്കും പുരുഷനും ആ ‘ഞാൻ’ ഒന്നുതന്നെ.

**25.**

**Brhadaranyaka Upanishad III,9,26**

This self is that which has been described as 'not this, not this.

स एष नेति नेत्यात्माऽ गृह्यो।

അതിനാൽ, ഈ ‘ഞാൻ’ ദേശാതീതമാണ്, പ്രായത്തിന്, ലിംഗത്തിന് ഒക്കെ അതീതമാണ്. ഈ ‘ഞാൻ’, അദ്വിതീയമായ, അകത്തുള്ള, ‘ഞാൻ’ആണ്. ഇതിനെ നേതി സിദ്ധാന്തം കൊണ്ട്, -ഇതല്ല, ഇതല്ല, ഇതല്ല-ഈ വിശകലനംകൊണ്ട്, ഈ അവബോധംകൊണ്ട്, ഈ ധാരണകൊണ്ട്, തിരിച്ചറിയാൻ കഴിയും. അത് ഗ്രഹിക്കുമ്പോൾ, നിങ്ങൾക്ക് തത്വമസി എന്തെന്ന് മനസ്സിലാവും.

സ്വാമി ഒരു ഉദാഹരണം തന്നിട്ടുണ്ട്. ഒരു മനുഷ്യൻ താൻ വെള്ളം കുടിക്കുന്ന കലം തെരയുകയായിരുന്നു. അന്ന് രാത്രി, പെട്ടെന്ന് പവർകട്ടുണ്ടായി. പക്ഷേ, അയാൾക്ക് നല്ല ദാഹം. അയാൾക്ക് കുറച്ച് വെള്ളം വേണം. എന്തുചെയ്യും? അയാൾ ഇരുട്ടിൽ തപ്പുകയായിരുന്നു. അയാൾ എന്തിനെയോ തൊട്ടു. അത് കട്ടിലിന്റെ കാലാണ്, കലമല്ല എന്ന് അയാൾക്ക് മനസ്സിലായി. പിന്നെ അയാൾ കൈ നീട്ടി അങ്ങുമിങ്ങും പരതുകയായി. അയാൾ മറ്റേതോ സാധനത്തിന്റെ കാലിൽ പിടിച്ചു, മേശക്കാലായിരുന്നത്. അതുമല്ല. അയാൾ ഒരു കസേരക്കാലിൽ പിടിച്ചു, അതുമല്ല. അവസാനം, കുടിവെള്ളമിരിക്കുന്ന

കലത്തിൽത്തന്നെ അയാൾ തൊട്ടു. അതെ, ഇതുതന്നെയാണത്. അതുകൊണ്ട്, കുടിവെള്ളം, കുടിവെള്ളമിരിക്കുന്ന കലം, കട്ടിലല്ല, മേശയല്ല, കസേരയല്ല. അവസാനം അയാൾ, ബാക്കിയെല്ലാം നിഷേധിച്ചതിലൂടെ, ഇത് കുടമാണെന്ന ഈ അന്തിമതീരുമാനത്തിലെത്തി. ഇതേ രീതിയിൽ, നിഷേധത്തിലൂടെ -ഞാൻ ശരീരമല്ല, ഞാൻ മനസ്സോ ബുദ്ധിയോ അല്ല, പക്ഷേ ഞാൻ ആ ശാശ്വതാത്മാവ്, ബോധം ആകുന്നു-ഇങ്ങനെ, **നേതിസിദ്ധാന്ത**ത്തിലൂടെ ഒരുവന് പുറത്തെ 'എന്നി'ൽനിന്ന് അകത്തെ 'എന്നി'ലേക്ക് സഞ്ചരിക്കാനാവും.

താങ്കൾക്ക് വളരെ നന്ദി. ഇത് താങ്കളെ സംതൃപ്തനാക്കുമെന്ന് കരുതുന്നു. എങ്ങനെയായാലും, സുഹൃത്തുക്കളേ, ഇനിയും നിങ്ങൾക്ക് വിശദീകരണം വേണമെന്നുണ്ടെങ്കിൽ, നിങ്ങൾക്ക് വീണ്ടും ചോദ്യങ്ങളുന്നയിക്കുന്നതിന് സ്വാഗതം. വിഷയത്തിൽ എനിക്കുള്ള ധാരണയ്ക്കനുസൃതമായി മറുപടി നൽകുന്നതിന് ഞാൻ പൂർണ്ണമായും ഒരുക്കമാണ്.

നിങ്ങൾക്ക് വളരെ നന്ദി.

സായിരാം.

പ്രൊഫ. അനിൽകുമാർ കാമരാജു

(മലയാളപരിഭാഷ: എം.എൻ. വിനോദ്കുമാർ
മലയാളം പോഡ്കാസ്റ്റ്: സുജാ വിനോദ്)

